## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3723 20.06.2019 ൽ മറുപടിയ്ക്ക്

## മാവേലിസ്റ്റോർ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ

ചോദ്യം

ശ്രീ.എം.രാജഗോപാലൻ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മാവേലിസ്റ്റോർ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളിൽ ഏതൊക്കെ സാധനങ്ങൾക്കാണ് വില കുറച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് മാവേലിസ്റ്റോർ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളിൽ ചെറുപയർ, ഉഴുന്ന്, വൻകടല, തുവരപരിപ്പ്, മല്ലി എന്നിവയുടെ വില വിവിധ ഘട്ടങ്ങളിലായി കുറച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മാവേലിസ്റ്റോർ വഴി വീട്ടുപകരണങ്ങൾ ഉൾപ്പെടെയുള്ളവ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | വില്പനശാലകളുടെ സ്ഥലസൗകര്യം, വിപണി എന്നിവ കണക്കിലെടുത്ത്, സപ്ലൈകോയുടെ തിരഞ്ഞെടുത്ത സൂപ്പർമാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ, പീപ്പിൾ ബസാറുകൾ എന്നിവിടങ്ങളിലാണ് നിലവിൽ ഗൃഹോപകരണ വില്പന ആരംഭിച്ചിട്ടുള്ളത്. 50 വിൽപ്പനശാലകളിൽ കൂടി വിപണനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്ഥലപരിമിതി മൂലം മാവേലി സ്റ്റോറുകൾ വഴിയുള്ള ഗൃഹോപകരണ വില്പന ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില (രൂ/ കി. ഗ്രാം) | നിലവിലെ വിൽപ്പന വില (രൂ/ കി. ഗ്രാം) |
|---|---|---|---|
| 1 | ചെറുപയർ | 74 | 59 |
| 2 | ഉഴുന്ന് | 66 | 60 |
| 3 | വൻകടല | 43 | 39 |
| 4 | തുവരപരിപ്പ് | 85 | 49 |
| 5 | മല്ലി | 92 | 75 |

സെക്ഷൻ ഓഫീസർ